പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.1216 — 04/02/2019-ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളുടെ അടിസ്ഥാനസൗകര്യ വികസനം

| ചോദ്യം<br>ശ്രീ.പി.ഉബൈദുള്ള | മറുപടി<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>(പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് പൊതുവിദ്യാഭ്യാസ വകുപ്പ് ബജറ്റ് ഫണ്ട്, കിഫ്ബി എന്നിവയിൽ ഉൾപ്പെടുത്തി വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി മലപ്പുറം നിയോജകമണ്ഡലത്തിൽ അനുവദിച്ച ഫണ്ടുകളുടെ വിശദാംശം നൽകുമോ; | (എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞവുമായി ബന്ധപ്പെട്ട് മലപ്പുറം നിയോജക മണ്ഡലത്തിലെ മലപ്പുറം ഗവ.ഗേൾസ് ഹയർസെക്കന്ററി സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന് 5 കോടി രൂപയും പൂക്കോട്ടൂർ GHSS ന്റെയും MSP GHSS ന്റെയും ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനായി 3 കോടി രൂപയും കിഫ്ബിയിൽ നിന്നും അനുവദിച്ചിട്ടുണ്ട്. പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിന്റെ 2018-19 പ്ലാൻ ഫണ്ടിൽ ഉൾപ്പെട്ട അടിസ്ഥാന സൗകര്യ വികസന പദ്ധതിയിൽ മലപ്പുറം ജില്ലയിൽ നിന്ന് 21 സ്കൂളുകൾക്ക് ഒരു കോടി രൂപ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ബി) അവ ഓരോന്നും ഇപ്പോൾ ഏത് ഘട്ടത്തിലാണ്; നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കാമോ;<br>(സി) സാങ്കേതിക നടപടിക്രമങ്ങൾ പൂർത്തിയാക്കി ഓരോന്നും എന്നത്തേക്ക് ആരംഭിക്കുവാൻ സാധിക്കുമെന്ന് അറിയിക്കുമോ? | (ബി യും സി) യും മലപ്പുറം GGHSS സ്കൂളിന്റെ ഫൗണ്ടേഷൻ വർക്കുകൾ നടന്നു വരുന്നു. പൂക്കോട്ടൂർ GHSS ന്റെ ആദ്യ നിലയുടെ പില്ലറുകളുടെ പണികൾ പുരോഗമിച്ച് വരുന്നു; MSP GHSS ന്റെ സെറ്റൗട്ട് കഴിഞ്ഞു. മണ്ണ് നീക്കുന്ന പണികൾ പൂർത്തിയായി.<br>പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പരിധിയിൽപ്പെട്ട ഒരു കോടി രൂപ പദ്ധതിയിലുൾപ്പെട്ട 21 സ്കൂളുകളുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ